## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 742** — **05/06/2018-ൽ മറുപടിയ്ക്ക്**

# സഹകരണ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ. ബാബു<br>ശ്രീ. എം. നൗഷാദ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര സർക്കാർ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി നവലിബറൽ നയങ്ങളുടെ പ്രയോക്താക്കളായി മാറിയ ദേശസാൽകൃത ബാങ്കുകൾ കർഷകർക്കും മറ്റു സാധാരണക്കാർക്കും സേവനം നൽകുന്നതിന് വിമുഖത കാണിക്കുകയും സേവന നിരക്ക് എന്ന പേരിൽ വൻതുക വസൂലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സാധാരണക്കാരുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുവാൻ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് നടത്തി വരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സാധാരണക്കാരുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടെയാണ് നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാനും കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്നും, മറ്റ് വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും കേരള സഹകരണ ബാങ്കിലൂടെ നൽകാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.<br><br>സഹകരണ രംഗത്തെ ആധുനീകവല്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് നടപ്പിലാക്കി വരുന്നു. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | നവലിബറൽ നയങ്ങളെ ചെറുക്കാൻ പര്യാപ്തമായ കേരള ബാങ്ക് യാഥാർത്ഥ്യമാക്കുവാൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ · പുരോഗതി അറിയിക്കാമോ; | (ബി) | 1) കേരളത്തിലെ ഹ്രസ്വകാല വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ച് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിന് പ്രൊഫസർ എം.എസ്. ശ്രീറാം അദ്ധ്യക്ഷനായിക്കൊണ്ട് ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി 2017 ഏപ്രിൽ മാസം അവരുടെ റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട്കൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിണത്തിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് വേണ്ടി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്ന് ചീഫ് ജനറൽ മാനേജരായി വിരമിച്ച ശ്രീ. വി.ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി 2017 ജൂൺ മാസം ഒരു കർമ്മസേന (Task Force) യെ നിയമിക്കുകയും പ്രസ്തുത കർമ്മസേന കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയുമാണ്. ആദ്യ പടിയെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം നേടിയെടുക്കുന്നതിനുള്ള അപേക്ഷ റിസർവ് ബാങ്കിന്റെ സജീവ പരിഗണനയിലുമാണ്.<br>2) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് വരുന്നു.<br>3) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>4) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറ്റുന്നതിനുവേണ്ടി Solution Provider റെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5) കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ സജ്ജരാക്കാൻ വേണ്ട പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി Action Plan തയ്യാറാക്കി വരുന്നു. |
| (സി) | സഹകരണ സംഘങ്ങളെ അഴിമതി രഹിതമാക്കുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരള സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണ സംഘങ്ങളെ അഴിമതി രഹിതവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സഹകരണ വിജിലൻസ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഓരോ സർക്കിളിലെയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തലത്തിൽ യൂണിറ്റ് ഇൻസ്പെക്ടർമാർ വഴി പ്രതിമാസ പരിശോധനകൾ സംഘങ്ങളിൽ നടത്തുന്നു. ഓരോ വർഷത്തെയും ആഡിറ്റുമായി ബന്ധപ്പെട്ട് കണക്കുകൾ പരിശോധിക്കുന്നതിലൂടെ കണ്ടെത്തുന്ന ന്യൂനതകളും ക്രമക്കേടുകളും റിപ്പോർട്ട് ചെയ്യുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടി ജനറൽ വിഭാഗത്തിൽ നിന്നും സ്വീകരിച്ച് വരുന്നു. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ കൈക്കൊള്ളുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ കാലകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വർണ്ണപണയ വായ്പകളിന്മേലുള്ള സ്റ്റോക്ക് പരിശോധന എല്ലാ വർഷവും കർശനമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ